സഹകരണവകുപ്പ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകം

1049 [1668] ശ്രീ. കെ. വി. കുഞ്ഞൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ–സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സഹകരണവകുപ്പു ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകം മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സഹകരണവകുപ്പു ജീവനക്കാരുടെ മാത്രം സേവന––വേതന വ്യവസ്ഥകം മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകമായി നടപടികം ഒന്നും സ്വീകരിച്ചിട്ടില്ല. 1977-ലെ മൂന്നാം ശമ്പളക്കമ്മീഷൻറെ റിപ്പോർട്ടിൻറെ വെളിച്ചത്തിൽ സർക്കാർ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകം പരിഷ്കരിച്ചുകൊണ്ട് ഉത്തരവുകം പുറപ്പെടുവിച്ചിട്ടുള്ളതിൽ സഹകരണവകുപ്പു ജീവനക്കാരുടെ കാര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

II അടിയന്തിരപ്രമേയം

എഫ്. എ. സി. ടി. യുടെ ഉദ്യോഗമണ്ഡൽ ഡിവിഷനിലെ തീപിടിത്തം

മി. സ്പീക്കർ: എഫ്. എ. സി. ടി. ഉദ്യോഗമണ്ഡൽ ഡിവിഷനിലുണ്ടായിട്ടുള്ള തീപിടിത്തംമൂലം മൂന്നുപേരുടെ ദാരുണമായ മരണത്തെ തുടർന്നു അവിടെ നിലവിലുള്ള ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികം നിറുത്തി വയ്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റൂം 50 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. എ. പി. കുര്യൻ, ശ്രീ. ടി. എച്ച്. മുസ്തഫ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, എഫ്. എ. സി. ടി. യിൽ വളരെ ദാരുണമായ ഒരു സംഭവം ഉണ്ടായത് അവിടെ ഒരു വെറിയ തീപിടിത്തം ഉണ്ടായതിനേ തുടർന്ന് വാതിൽ അടയ്ക്കുവാൻ ശ്രമിച്ച നാലഞ്ചുപേർക്കാണ് അത്യാഹിതമുണ്ടായത്. മൂന്നുപേർ മരിച്ചു. ഒരാൾ ആശുപത്രിയിൽ നിന്നും സുഖം പ്രാപിച്ച് പുറത്തുപോയി. മറെറാരാൾ ആശുപത്രിയിൽ സുഖം പ്രാപിച്ചു വരികയാണ്. നാഫ്ത പമ്പു ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് ഈ തീപിടിത്തമുണ്ടായത്. അത് തെറിച്ചു വീണതിൻറെ ഫലമായിട്ടാണ് ഈ അപകടമരണം ഉണ്ടായത്. അതിനാവശ്യമായ എല്ലാ നടപടികളും ചെയ്തുകൊണ്ടിരിക്കുകയാണ്. അവരെ രക്ഷിക്കുവാൻ വേണ്ടിയുള്ള പരിശ്രമം പരമാവധി ചെയ്തിട്ടും ഒരാൾ അവിടെ വച്ചും മറെറ് രണ്ടാളുകൾ ആശുപത്രിയിൽവച്ചും മരണമടഞ്ഞു. രണ്ടുപേർ ചികിൽസിച്ചു ഭേദപ്പെട്ടു വരികയാണ്. ഒരാൾക്കു ആവശ്യമായ ഓക്സിജൻ ബോംബെയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്തിൽ കൊണ്ടുവന്നുവരെ കൊടുക്കുകയുണ്ടായി. അങ്ങനെ ആവശ്യമായ എല്ലാവിധ ചികിൽസാസൗകര്യങ്ങളും അന്നുതന്നെ ചെയ്തിട്ടുണ്ട്. എഫ്. എ. സി. ടി. ക്കു വളരെ നല്ല ഒരു ഹോസ്പിറലുണ്ട്. അവിടെയാണ് ഇവരെ ചികിൽസിച്ചു വരുന്നത്. അവിടെയുള്ള ഡോക്ടർമാർ കൂടാതെ പുറമേനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരെ വരുത്തി ചികിൽസിക്കുന്നുണ്ട്. ഇവർക്കാവശ്യമുള്ള എല്ലാ ചെലവുകളും ഈ ഫാക്ടറി തന്നെയാണ് വഹിക്കുന്നത്. നഷ്ടപരിഹാരം എന്നുള്ള നിലയിൽ ഇവർക്കു കൊടുക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും ചെയ്യുന്നതാണ്. ഫാമിലി പെൻഷൻ കൊടുക്കും. ഈ ഉദ്യോഗസ്ഥൻമാർക്കു കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിന്റെ പകുതി ഫാമിലി പെൻഷൻ ആയി കൊടുക്കുന്നതാണ്. ഇതുപോലെതന്നെ ആശ്രിതർക്കു ജോലി കൊടുക്കുവാനുള്ള പദ്ധതിയുമുണ്ട്. ഈ സംഭവത്തെക്കുറിച്ചന്വേഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും മേലാൽ അതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുംവേണ്ടി നാല് ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അങ്ങനെ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇനി എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അതും ചെയ്യുന്നതാണ്. ഈ സംഭവത്തിൽ ഗവൺമെന്റിന് വളരെയധികം ഖേദമുണ്ട്. അതിൽ ഈ സഭ പങ്കുകൊള്ളുന്നു. അതിനുവേണ്ട എല്ലാവിധനടപടികളും സ്വീകരിച്ചിട്ടുള്ളതുകൊണ്ട് ഒരടിയന്തിര പ്രമേയമായി ഈ പ്രശ്നം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, മൂന്നുജീവൻ അപകടപ്പെട്ടതുകൊണ്ടുമാത്രമല്ല ഈ കാര്യം ഇവിടെ ഉന്നയിച്ചത്. ഇനിയും ഇതുപോലുള്ള അപകടമരണങ്ങളും അവിടെ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. നാഫ്ത പമ്പുചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് ഈ അത്യാഹിതം ഉണ്ടായതെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു ശരിയാണ്. ആ ലൈനിൽ ലീക്കേജ് ഉണ്ടായതിന്റെ ഫലമായിട്ടാണ് അപകടം ഉണ്ടായത്. ഈ അപകടം മൂന്നുപേരുടെ മരണത്തിൽ മാത്രം ഒതുങ്ങുമായിരുന്നില്ല. ഉദ്യോഗമണ്ഡൽ പ്രദേശമാകെ കത്തിദഹിച്ച് വരാനുള്ള അപകടം ശ്രീ. വിശ്വനാഥന്റെ ആത്മത്യാഗംകൊണ്ട് തടയുകയാണ് ചെയ്തത്. അദ്ദേഹം സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ട് നാടിനെ രക്ഷിക്കുകയാണ് ചെയ്തത്. അവിടെ വേണ്ടത്ര മെയിൻറനൻസ് നടത്താത്തതുകൊണ്ടാണ് ലീക്കേജ് ഉണ്ടായത്. മാനേജ്മെൻറിന്റെ നിരുത്തരവാദപരമായ പെരുമാറ്റംകൊണ്ടാണ് ആ അപകടം അവിടെ ഉണ്ടായത്. ജീവൻ അപകടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വേണ്ട സംരക്ഷണം മാത്രം ഏർപ്പാട് ചെയ്താൽ പോരാ. അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ചില ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. അങ്ങനെ ഉദ്യോഗസ്ഥൻമാരെ നിയമിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. എഫ്. എ. സി. ടി. യിലും മാവൂർ റയോൺസിലും പുനലൂർ പേപ്പർമില്ലിലും എല്ലാം മനുഷ്യജീവനെ ഇട്ടു പന്താടുകയാണ് ചെയ്യുന്നത്. അതിനെക്കുറിച്ച് ശക്തിയായ ആക്ഷേപം ഈ സഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുണ്ട്. എഫ്. എ. സി. ടി. യുടെ കൊച്ചിൻ ഡിവിഷനിൽ ആണെങ്കിൽ അവിടെനിന്നും ഒഴുകുന്ന വിഷാംശം കലർന്ന മലിനജലംകൊണ്ട് ഇരുനൂറിൽപ്പരം ഏക്കർ ഭൂമിയിൽ കൃഷി ചെയ്യാൻ സാധിക്കാതിരിക്കുകയാണ്. അതുപോലെതന്നെ അവിടെയുള്ള ജനങ്ങൾക്ക് വെള്ളം കുടിക്കുവാൻപോലും യാതൊരു നിവൃത്തിയുമില്ല. വിഷാംശം കലർന്ന ജലം കുടിച്ച് ആളുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. വലിയ കമ്പനി ഉടമസ്ഥൻമാരൊന്നും തന്നെ മനുഷ്യജീവന് യാതൊരു വിലയും കൽപിക്കുന്നില്ല. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

ഈ രീതിയിലുള്ള അപകടം ഉണ്ടാകാതിരിക്കണമെങ്കിൽ ഒരന്വേഷണം ഇവിടെത്തന്നെ നടത്താനുള്ള ഏർപ്പാട് ചെയ്യണം. നാല് ഉദ്യോഗസ്ഥൻമാരെ നിയമിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. നിരുത്തരവാദത്തിന്റെ മുഖ്യ സാക്ഷിയെന്നുള്ള രൂപത്തിലാണ് ഇത് വന്നിട്ടുള്ളത്. അതുകൊണ്ട് ഇതേപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തണം. മരിച്ചവരുടെ കുടുംബങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം കൊടുക്കണം. മേലിൽ ഇത്തരം കുഴപ്പങ്ങൾ ഉണ്ടാവുകയില്ലെന്നു തദ്ദേശവാസികൾക്കും* അവിടത്തെ ജീവനക്കാർക്കും ഉറപ്പ് നൽകത്തക്കനിലയിൽ വേണ്ട നടപ്പടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. അതുകൊണ്ടാണ് ഇതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുകയാണ്. അതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഈ ദാരുണമായ സംഭവത്തെക്കുറിച്ച് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

III ശ്രദ്ധ ക്ഷണിക്കൽ

നെൽകൃഷിക്കാർ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ജെ. ചാക്കോ: സർ, 1974-ൽ ആരംഭിച്ച കേരളാ ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത് കോട്ടയം, ആലപ്പുഴ ജില്ലകളിലാണ്. ഈ ജില്ലകളിലെ പുഞ്ചവയലുകളിൽ പുറംബണ്ടുകൾ കരിങ്കൽകെട്ടി ഉറപ്പിക്കുകയെന്നുള്ള പദ്ധതി ആണ് ആദ്യം കെ. എൽ. ഡി. സി. എറെടുത്തത്. ഇപ്രകാരം പുറംബണ്ടുകൾ ഉറപ്പിച്ചുകഴിഞ്ഞാൽ ഒരുപ്പുനിലങ്ങൾ ഇരുപ്പുനിലങ്ങളായി മാറുമെന്നും അങ്ങനെ ഉണ്ടാകുന്ന ബണ്ടിൽ തെങ്ങുവച്ച് കൂടുതൽ ആദായം ഉണ്ടാക്കാമെന്നും മറ്റുമായിരുന്നു അവരുടെ പ്രചരണം. ആ പ്രചരണത്തിൽ കുടുങ്ങിയ കർഷകർ ആ പരിപാടിയിൽ സർവ്വാത്മനാ സഹകരിക്കുകയും ഇത്തരം ബണ്ടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുഭവം നിരാശാജനകമാണ്. ചെറിയ വെള്ളപ്പൊക്കമുണ്ടായാൽ, അല്ലെങ്കിൽ ഒരു വലിയ മഴ പെയ്താൽ ആദ്യമായി മട വീഴുന്നത് ഈ ബണ്ട് കെട്ടിയ പുഞ്ചപ്പാടങ്ങളിലാണ്. കോൺട്രാക്ടർമാർ അമിത ലാഭമെടുത്തതിന്റെ പരിണതഫലം അനുഭവിക്കുന്നത് അവിടുത്തെ കർഷകരാണ്. ബണ്ടെല്ലാം ഇന്നു താറുമാറായി കിടക്കുകയാണ്. ഉത്പാദനച്ചെലവിന്റെ കൂടുതൽമൂലവും ഉൽപ്പന്നങ്ങളുടെ അമിതമായ വിലയിടിവുമൂലവും മറ്റു പല കാര്യങ്ങളാലും സൊസൈറ്റികളിൽനിന്നും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പപോലും അടയ്ക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് കൃഷിക്കാർ ജപ്തി നടപടികൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കെ. എൽ. ഡി. സി. അമിതമായ പലിശയ്ക്കു കൊടുത്ത വായ്പയ്ക്കു ജപ്തിനടപടികളും ഡിമാന്റ് നോട്ടീസുകളും അയച്ചുകൊണ്ടിരിക്കുകയാണ് തൻമൂലം ഒരിത്തിരി

LIBRARY ARCHIVES Kerala Legislative Assembly